**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3735** **20.06.2019 – ൽ മറുപടിക്ക്.**

**പുതുക്കിയ കാർഡിലെ ബി. പി. എൽ–എ.പി.എൽ നിർണ്ണയത്തിലെ അപാകത**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്ന വേളയിൽ ബി. പി. എൽ വിഭാഗത്തിൽപ്പെട്ടിരുന്ന പലരും പുതുക്കിയ കാർഡ് ലഭിച്ചപ്പോൾ എ.പി.എൽ ആയി മാറിയതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; | **(എ) യും (ബി) യും** | ഉണ്ട്. റേഷൻ കാർഡ് പുതുക്കലിനെത്തുടർന്ന് മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറിയത് സംബന്ധിച്ച പരാതികൾ ഉൾപ്പെടെ കൊയിലാണ്ടി താലൂക്കിൽ ഇന്നേവരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 23,212 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ നിന്നും 9,178 റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| **(ബി)** | കൊയിലാണ്ടി താലൂക്കിൽ നിന്നും ഇത്തരത്തിലുള്ള എത്ര പരാതികളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | | |
| **(സി)** | ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | **(സി)** | ഇത്തരം പരാതികളിൻമേൽ റേഷനിംഗ് ഇൻസ്പെക്ടർ അന്വേഷണം നടത്തി അർഹതപ്പെട്ടവരുടെ ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ വിഭാഗത്തിൽ ഒഴിവു വരുന്ന മുറയ്ക്ക് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അനുമതിയ്ക്ക് വിധേയമായി മോഡ്യൂൾ സോഫ്റ്റ് വെയറിൽ ലഭ്യമാകുമ്പോൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. |
| **(ഡി)** | ഇത്തരത്തിലുള്ള പുനഃപരിശോധന പരാതികൾ ഇനിയും സ്വീകരിക്കുമോ; ഉണ്ടെങ്കിൽ ആയത് എവിടെയാണ് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ? | **(ഡി)** | അർഹത തെളിയിക്കുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ആഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**